പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 936 — 20.03.2012 - ൽ മറുപടിക്ക്

## ഡിഫറന്റ്ലി ഏബിൾഡ് ആയ കുട്ടികളുടെ വിദ്യാലയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന എത്ര സ്ഥാപനങ്ങളാണ് നിലവിലു ള്ളത്; ഏതെല്ലാമെന്നു വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന 268 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും PWD Act/Rules പ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്വയം ഭരണ സ്ഥാപനമായ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു. രജിസ്ട്രേഷൻ ലഭിച്ച സ്ഥാപന ങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര വിദ്യാർത്ഥികളാണു പഠിക്കുന്നത്; | (ബി) 16526 |
| (സി) ഡിഫറന്റ്ലി ഏബിൾഡ് ആയ കുട്ടികളുടെ വിദ്യാല യത്തിൽ നിലവിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണ്; | (സി) ഡിഫറന്റ്ലി ഏബിൾഡ് ആയ കുട്ടികളുടെ വിദ്യാലയത്തിൽ നിലവിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:10 ആണ്. |

| | | | |
|---|---|---|---|
| (ഡി) | ഡിഫറന്റ്ലി ഏബിൾഡ് ആയ വിദ്യാർത്ഥികളെ പഠിപ്പിക്കു ന്നതിനുള്ള അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് കോഴ്സ് സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളിൽ നിലവിലുണ്ട്; | (ഡി) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ് റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം എന്ന സ്വയം ഭരണ സ്ഥാപനത്തിൽ മാത്രമാണ് ഡിഫറന്റ്ലി ഏബിൾഡ് ആയ വിദ്യാർത്ഥി കളെ പഠിപ്പിക്കുന്ന തിനുള്ള അദ്ധ്യാപ കർക്കുള്ള ട്രെയിനിംഗ് കോഴ്സ് നിലവിലുള്ളത്. |
| (ഇ) | ഇതിനായി ഏതു കോഴ്സാണ് ഇപ്പോൾ ഉള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ഇ) | DEd.SE(MR) എന്ന കോഴ്സാണ് ഇപ്പോൾ ഉള്ളത്. പ്രസ്തുത കോഴ്സ് Rehabilitation Council of India(RCI)യുടെ അംഗീകാര ത്തോട് കൂടിയാണ് നടത്തി വരുന്നത്. പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റുകൾ നൽകുന്നതും Indira Gandhi National Open University(IGNOU) ആകുന്നു. |
| (എഫ്) | ഒറ്റപ്പാലം ബധിര-മൂക വിദ്യാലയ ത്തിൽ ബി.എഡ്.കോഴ്സ് (എസ്.ഇ.എം.ആർ) ആരംഭിക്കു ന്നതിന് 2010-11, 2011-12 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിരുന്നുവോ; എങ്കിൽ എത്ര രൂപയാണു വകയിരുത്തിയതെന്നും, അതിൽ എത്ര രൂപ ചെലവഴിച്ചു വെന്നും, എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി യെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | ഒറ്റപ്പാലം ബധിര വിദ്യാലയ ത്തിൽ DEd.SE(MR) എന്ന കോഴ്സ് ആരംഭിക്കുന്നതായി 2010-2011, 2011-2012 വർഷങ്ങളിൽ തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.